അപ്പലേറ്റ് ട്രൈബൂണൽ മുമ്പാകെ അപ്പീൽ/റിവിഷൻ സമർപ്പിക്കുന്നതിനുള്ള ഫോറം

ഫാറം സി.

(80ം ചട്ടം കാണുക)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബൂണൽ മുമ്പാകെ

1. ഹർജിക്കാരന്റെ പേരും മേൽവിലാസവും :
2. എതിർകക്ഷിയുടെ പേരും മേൽവിലാസവും :
   (1)

   (2)

   (3)
3. ഹർജി റിവിഷനോ അതോ അപ്പീലോ എന്ന് :
4. ഹർജിക്ക് കാരണമായ നോട്ടീസ് /ഉത്തരവ് പുറപ്പെടുവിച്ചതോ അതോ നടപടിയെടുത്തതോ ആയ അധികാര സ്ഥാപനത്തിന്റെ പേരും അപ്രകാരമുള്ള നോട്ടീസിന്റെ / ഉത്തരവിന്റെ നമ്പരും തീയതിയും :
5. ഹർജിക്ക് കാരണമായ നോട്ടീസ് ഉത്തരവോ ലഭിച്ച തീയതി/നടപടി ശ്രദ്ധയിൽ വന്ന തീയതി :
6. നോട്ടിസ് /ഉത്തരവ് ചോദ്യം ചെയ്യുന്നതിനുള്ള കാരണം :
7. ഹർജിക്ക് കാരണമായ നോട്ടീസ്/ഉത്തരവ്/ നടപടി സ്റ്റേ ചെയ്യണമോ എന്ന് എങ്കിൽ അതിനുള്ള കാരണങ്ങളും :
8. ഏതെങ്കിലും നികുതി അടച്ചതിനുള്ള രസീത് ഹാജരാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ നമ്പരും തീയതിയും
9. പണം സംബന്ധമായ അകാശത്തെച്ചൊല്ലിയിട്ടുള്ള ഹർജിയാണെങ്കിൽ അതിലുൾപ്പെട്ടിരിക്കുന്ന സംഖ്യ :
10. ആവശ്യപ്പെട്ടിരിക്കുന്ന പരിഹാരം :
11. ഹർജിക്കവലംബമായി സമർപ്പിച്ചിരിക്കുന്ന രേഖകളുടെ വിശദവിവരം :
    (1)

    (2)

    (3)
12. ഹർജി ഫീസിന്റെ വിവരം :

മുകളിൽ പേർ പറഞ്ഞ ..... ഹർജിക്കാരനായ എന്നെ ഞാൻ മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

സ്ഥലം :

തീയതി :

(ഒപ്പ്)

ഹർജിക്കാരൻ

ഓംബുഡ്സ്മാൻ മുമ്പാകെ പരാതി സമർപ്പിക്കുന്നതിനുള്ള ഫാറം

ഫാറം എ

(7-ാം ചട്ടം കാണുക)

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994 ലെ 13) 271 ജി. വകുപ്പ് പ്രകാരം രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബ്ഡുസ്മാൻ മുമ്പാകെ

പരാതി നമ്പർ

പരാതിക്കാരൻ :

എതിർകക്ഷി/എതിർ കക്ഷികൾ :

1. പരാതിക്കാരന്റെ പേര് :
2. അച്ഛന്റെയോ ഭർത്താവിന്റെയോ പേര് :
3. എ). വയസ്സ് :
   ബി). ഉദ്യോഗം :
4. സ്ഥിരം മേൽവിലാസം :
   എ). പേര് :
   ബി). വീട്ടുപേര് /നമ്പർ :
   സി). വില്ലേജ് :
   ഡി). പോസ്റ്റാഫീസ് :
   ഇ). താലൂക്ക് :
   എഫ്.) ജില്ല :
5. പരാതിയുടെ സ്വഭാവവും വിശദീകരണങ്ങളും വിശദാംശങ്ങളും :
6. പരാതിയെ സംബന്ധിക്കുന്ന വസ്തുതകൾ അറിയാമെന്ന് കരുതുകയും ഓംബുഡ്സുമാൻ മുമ്പാകെ സമൻ ചെയ്യപ്പെടണമെന്ന് പരാതിക്കാരൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികളുടെ (അങ്ങനെയുള്ളവർ ഉണ്ടെങ്കിൽ) പേരും മേൽവിലാസവും :
   പരാതിയോടൊപ്പം വച്ചിട്ടുള്ള രേഖകളുടെ വിവരണം :
   1. 2.
   3. 4.

സ്ഥലം :
തീയതി :

പരാതിക്കാരന്റെ ഒപ്പ്

മുകളിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ എന്റെ/ഞങ്ങളുടെ അറിവിലും ഉത്തമവിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഒപ്പ്
തീയതി

പരാതികൾ സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ/വിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴുലുറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹിക സമത്വവും ഉറപ്പാക്കുക, പ്രദേശികമായി തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ - പുരുഷ അസമത്വം കുറയ്ക്കുക, തുല്യ ജോലിയ്ക്ക് തുല്യ വേതനം, നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ്, ജലം, ജൈവസമ്പത്ത് പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുക, ദാരിദ്ര്യജനവിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരെ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെയും കരാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായി ദാരിദ്ര്യലഘൂകരണത്തിനുള്ള ഈ സാദ്ധ്യതകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

<u>ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാക്രമം</u>

1. ജലസംരക്ഷണവും മഴകൊയ്ത്തും
2. വനസംരക്ഷണവും മരം വച്ചുപിടിപ്പിക്കലും അത്വഴി വരൾച്ച തടയലും
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ
4. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്ക്കരണത്തിലൂടെ ഭൂമി ലഭിച്ചവർ, ഐ.എ.വൈ. ഗുണഭോക്താക്കൾ, 5 ഏക്കർ വരെ ഭൂമിയുള്ള ചെറുകിട പരിമിത കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, ഹോൾട്ടികൾച്ചർ പ്ലാന്റേഷൻ, മറ്റ് ഭൂവികസന പരിപാടികൾ.
5. കുളങ്ങൾ വൃത്തിയാക്കൽ മുതലായവ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം
6. ഭൂവികസനം
7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക് ചാൽ നിർമ്മിക്കുന്നതുൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും
8. ഗ്രാമങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏത് കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം (ആകെ പദ്ധതി ചെലവിന്റെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ല)
9. ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലെ പശ്ചാത്തല സൗകര്യ വികസനത്തിനായി യഥാക്രമം 25 ലക്ഷം, 10 ലക്ഷം രൂപ വീതം ചെലവഴിച്ചുള്ള ഭാരത് നിർമ്മാൺ, രാജീവ്ഗാന്ധി, സേവാകേന്ദ്ര നിർമ്മാണം
10. സംസ്ഥാന സർക്കാരുമായുള്ള കൂടിയാലോചനകൾക്ക് ശേഷം കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ചെയ്ത മറ്റേത് ജോലിയും

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

- തൊഴിൽ കാർഡ് ഉള്ള കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസം തൊഴിലുറപ്പ് :- അവിദഗ്ദ്ധ കായിക തൊഴിലിലൂടെ
- തൊഴിലിന് അപേക്ഷിച്ചാൽ 15 ദിവസത്തിനകം തൊഴിൽ
- അപേക്ഷ നൽകേണ്ടത് ഗ്രാമപഞ്ചായത്തിൽ
- താമസസ്ഥലത്തിന് 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ. 5 കിലോമീറ്ററിന് പുറത്താണെങ്കിൽ 10% അധിക വേതനം
- ഒരു ദിവസത്തെ വേതനം 296/-
- വേതനം ചെയ്യുന്ന ജോലിയുടെ അനുപാതത്തിൽ
- കഴിയുന്നതും ആഴ്ചയിലൊരിക്കൽ വേതനം അല്ലെങ്കിൽ 15 ദിവസത്തിനം
- സ്ത്രീക്കും പുരുഷനും തുല്യവേതനം
- തൊഴിൽ ചെയ്തതു സംബന്ധിച്ച വിവരങ്ങൾ തൊഴിൽ കാർഡിലും മസ്റ്റർ റോളിലും രേഖപ്പെടുത്തുന്നു.
- മസ്റ്റർറോൾ സുതാര്യമാണ്. എല്ലാവർക്കും പരിശോധിക്കാം
- തൊഴിലിനിടയിൽ അപകടപ്പെട്ടാൽ സൗജന്യ ചികിത്സ
- തൊഴിലിനിടയിൽ അപകടമോ മരണമോ സ്ഥിരമായ അംഗവൈകല്യമോ ഉണ്ടായാൽ 25000/- രൂപ എക്സ്ഗ്രേഷ്യ
- തൊഴിൽ സ്ഥലങ്ങളിൽ കുടിവെള്ളം, വിശ്രമസ്ഥലം, പ്രഥമ ശുശ്രൂഷ കിറ്റുകൾ
- സ്ത്രീ തൊഴിലാളികളോടൊപ്പം വരുന്ന 6 വയസ്സിൽ താഴെയുള്ള 5 ലധികം കുട്ടികൾ ഉണ്ടെങ്കിൽ അവരെ നോക്കുവാൻ സൗകര്യം
-

കൂടുതൽ വിവരങ്ങൾ ജില്ലാ പ്രോഗ്രാം കോ-ഓർഡിറ്റേനർ,
ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ,
ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സെക്രട്ടറി എന്നിവരുടെ
ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിൽ കാർഡിനുള്ള അപേക്ഷ

1. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമായിരിക്കണം
2. പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം
3. റേഷൻകാർഡിന്റെ ശരിപകർപ്പ്
4. ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്
5. നിർദ്ദിഷ്ട ഫോറത്തിൽ ഉള്ള അപേക്ഷ
6. കാർഡിൽ ഉൾപ്പെടുത്തുന്നവരുടെ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ (4 കോപ്പി)
7. ശാരീരികാദ്ധ്വാനത്തിന് തയ്യാറുള്ളവരാകണം.

കുറിപ്പ്

1. എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് ഫോട്ടോ പഞ്ചായത്ത് തന്നെ നടുക്കുന്നതാണ്. എൻ.ആർ.ഇ.ജി.എസ്. തൊഴിൽ പൂർത്തിയാക്കി വേതനം നൽകുന്നതിന് (മേറ്റ് ശേഖരിച്ച് നൽകേണ്ടത്)

1. മസ്റ്റർ റോൾ

   ബി.പി.ഒ.യിൽ നിന്നും വാങ്ങി സെക്രട്ടറി ഒപ്പിട്ട് എ.ഡി.എസ്.വോളന്റിയർക്ക് നൽകിയത്.

   തൊഴിലാളികളുടെ പേരും ഒപ്പും ബാങ്ക് അക്കൗണ്ട് നമ്പരും കാർഡ് നമ്പരും ഉള്ളത്

   തിരുത്തലുകൾ ഇല്ലാത്തത്

   വോളന്റിയർ, ഓവർസിയർ, വർഡ്മെമ്പർ, മോണിറ്ററിംഗ് സമിതിയംഗങ്ങൾ ഒപ്പിട്ടത്

2. സാധനസാമഗ്രികളുപയോഗിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃത ബില്ലുകളും രേഖകളും
3. ഫസ്റ്റ് എയ്ഡ്/കുടിവെള്ളം മുതലായവ നൽകിയതിന്റെ രേഖകൾ
4. ട്രാക്റ്റർ/വാഹനങ്ങൾ മുതാലയവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വൗച്ചറുകളും രേഖകളും
5. സൈറ്റ് ഡയറി (വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടെ)
6. തൊഴിലാളികളുടെ പേര്, നമ്പർ, ബാങ്ക് അക്കൗണ്ട് തുടങ്ങിയവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്
7. തൊഴിലുപകരണങ്ങളുടെ വാടക സ്റ്റേറ്റ്മെന്റ്
8. പ്രവൃത്തിയുടെ ഫോട്ടോ
9. പ്രവൃത്തിയുടെ വാലേഷൻ ബന്ധപ്പെട്ട എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കണം.

കുടുംബശ്രീ

പഞ്ചായത്തിലെ ദാരിദ്ര്യ-പിന്നോക്ക സമൂഹങ്ങളെ സംഘടിപ്പിച്ച് 2001 മുതൽ പ്രവർത്തനം ആരംഭിച്ച സംവിധാനമാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. ബി.പി.എൽ, എ.പി.എൽ വിഭാഗത്തിലെ തൊഴിൽ രഹിതരായ കുടുംബാംഗങ്ങളെ ചേർത്ത് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു കുടുംബശ്രീ മിഷനുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നു.

വാർഡ്തലത്തിൽ എ.ഡി.എസ്-ും പഞ്ചായത്ത്തലത്തിൽ സി.ഡി.എസ്-ഉം കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നു.

കുടുംബശ്രീ അയൽക്കൂട്ടങ്ങള ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ

1. ലഘുസമ്പാദ്യപദ്ധതി
2. ലഘുവായ്പാ പദ്ധതി
3. തൊഴിലധിഷ്ഠിത ബാങ്ക് ലിങ്കേജ് വായ്പ
4. വനിതാശാക്തീകരണ പരിപാടി
5. ആശ്രയ പുനരധിവാസ പദ്ധതി
6. ബോധവത്കരണ പരിപാടി
7. സംഘകൃഷി
8. ബാലസഭ

ആഴ്ചയോഗങ്ങൾ, പ്രതിമാസ മേഖലായോഗങ്ങള, പഞ്ചായത്തുതല സി.ഡി.എസ്. യോഗങ്ങൾ, വിലയിരുത്തൽ യോഗങ്ങൾ എന്നിവയാണ് ചട്ടപ്രകാരമുള്ള സാധാരണ ഒത്തുചേരലുകൾ.

കുടുംബശ്രീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും കണക്കുകളുടെ ക്രമീകരണത്തിനും കേന്ദ്രീകൃത പരിശീലനം വിപണനം എന്നിവയ്ക്കും ഉതകുന്ന വിധത്തിൽ ഒരു സി.ഡി.എസ്. ഓഫീസ് മുദാക്കൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

മുദാക്കൽ ഗ്രാമപഞ്ചായത്ത്

പഞ്ചായത്തുതല വിലയിരുത്തൽ സമിതി

കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്)

(ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, 7 അംഗങ്ങൾ)

ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) വാർഡുതലങ്ങൾ

(അസിസ്റ്റന്റ് സെക്രട്ടറി)

(മെമ്പർ സെക്രട്ടറി)

ബഡ്സ് സ്കൂൾ

1995ലെ വികലാംഗനിയമത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഗ്രാമീണ മേഖലയിൽ പ്രത്യേക സ്കൂളുകൾ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1998-ൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ഭിന്നശേഷി കുട്ടികളുടെ സർവ്വേ എടുത്തു. നമ്മുടെ പഞ്ചായത്തിൽ 40-ഓളം കുട്ടികളെ കണ്ടെത്തുകയും അതിൽ 30-ഓളം കുട്ടികൾക്ക് യാതൊരുവിധ പരിശീലനവും ലഭിക്കുന്നില്ലെന്ന് മനസ്സിലായി. ഈ കുട്ടികളെ ദൂരെയുള്ള സ്പെഷ്യൽ സ്കൂളിൽ അയയ്ക്കുവാനുള്ള സാമ്പത്തിക ബുദ്ധിമുട്ടും, യാത്രാക്ലേശവും ഇവരുടെ സവിശേഷ വിദ്യാഭ്യാസത്തിന് തടസ്സമായി. ഈ അവസരത്തിൽ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള രണ്ട് അധ്യാപികമാർക്ക് തിരുവനന്തപുരം സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓൺ മെന്റൽ റിട്ടാർസേഷനിൽ വച്ച് ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശീലനം ലഭിച്ചു.

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി 1998 ആഗസ്റ്റ് 6 മുതൽ ബഡ്സ് സ്പെഷ്യൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ ഇളമ്പ ഗവ. എൽ.പി.സ്കൂളിൽ പ്രവർത്തനസമയം കഴിഞ്ഞ് വൈകുന്നേരം 4 മണിമുതൽ ഭിന്നശേഷിയുള്ള കുട്ടികളെ ഈ സ്കൂളിൽ വച്ച് പരിശീലനം നൽകാൻ തുടങ്ങി. 4 മണിക്ക് കുട്ടികളെ കൊണ്ടുവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച് രാവിലെ മുതൽ പഠിപ്പിക്കുന്നതിന് പൊയ്കമുക്കിലും, ഊരുപൊയ്കയിലും 1999 ഏപ്രിൽ 15ന് രണ്ട് സെന്ററുകൾ തുടങ്ങി. 2001 ഒക്ടോബർ മാസം മുതൽ 2 സെന്ററുകളും ഏകോപിച്ചിച്ചുകൊണ്ട് മുദാക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിനടുത്തുള്ള പഴയ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേയ്ക്ക് ക്ലാസ്സുകൾ മാറ്റി. കുട്ടികളുടെ എണ്ണം വരദ്ധിച്ചതിനെതുടർന്ന് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 05.08.2010ൽ നടന്നു. കുട്ടികളുടെ മാനസികോല്ലാസത്തിനു വേണ്ടി കളിക്കോപ്പുകൾ, ടി.വി.സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

ഭിശേഷിയുള്ള 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുകയാണ് പഞ്ചായത്തിന്റെ ലക്ഷ്യം. 21 വയസ്സിന്മേൽ പ്രായമുള്ളതും, കുടുംബത്തിനുള്ളിൽ പകൽ സംരക്ഷണത്തിന് സാധ്യതയില്ലാത്തതും, തൊഴിലിനു സാധ്യതയില്ലാത്തതുമായ കുട്ടികൾക്ക് പകൽ പരിശീലനവും തൊഴിലും ലക്ഷ്യമിടുന്നു.

ജാഗ്രതാ സമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര നിക്ഷേപം, അവകാശ ലംഘനം എന്നിവയിൽ പരാതി സ്വീകരിക്കാനും ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹിക സൃഷ്ടിക്കും വേണ്ടി പ്രവർത്തിക്കാൻ ലക്ഷ്യം വച്ച് കൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വനിതാ കമ്മീഷന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം സ.ഉ.എം.എസ്.നം.31/07സ.ക്ഷേ.വ.ഉത്തരവിൻ പ്രകാരം വളരെ ഗൗരവത്തിൽ കൃത്യതയോടെ നടത്തേണ്ട പ്രക്രിയയാണ്. പ്രവർത്തനത്തിന് കരുത്ത് പകരുന്നതിന് വേണ്ടി താഴെ തലം മുതൽ വനിതാകമ്മീഷൻ തലം വരെയും സാമൂഹിക നീതി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ കൃത്യമായ മോണിട്ടറിംഗും തുടർ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

മുദാക്കൽ ഗ്രാമപഞ്ചായത്തിന്റെ 22 വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ജാഗ്രതാ സമിതി പ്രവർത്തനം ഓരോ വനിതയുടെയും അടുത്ത് എത്തിക്കുവാനും അവരെ സംബന്ധിക്കുന്ന വിഷയങ്ങൾ ജാഗ്രതാ സമിതിയിൽ എത്തിക്കുവാനും സഹായിക്കുന്ന തരത്തിൽ വാർഡ് തല ജാഗ്രതാസമിതി പ്രവർത്തിക്കുന്നു. 9 അംഗങ്ങളടങ്ങിയ പഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, കൺവീനർ ഐ.സി.ഡി.എസ്. സൂപ്പർവൈസറുമാണ്. പോലീസ് സബ് / സർക്കിൾ ഇൻസ്പെക്ടർ, വനിതാ പഞ്ചായത്ത് അംഗം, വനിതാ വക്കീൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളാണ്.

സൗജന്യ നിയമസഹായ കേന്ദ്രം

മുദാക്കൽ ഗ്രാമപഞ്ചായത്തിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകി വരുന്നു.

പ്രവൃത്തി ദിനങ്ങളും സമയവും :- തിങ്കൾ, ബുധൻ, വെള്ളി രാവിലെ 10 മുതൽ 5 വരെ

പൊതുജനങ്ങളുടെ എല്ലാവിധ പരാതികളും പ്രവൃത്തി സമയങ്ങളിൽ സ്വീകരിക്കുന്നതാണ്

അഡ്വക്കേറ്റിന്റെ സേവനം :- വെള്ളി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ലഭ്യമാണ്.

പെർമിറ്റ് ആവശ്യമില്ലാത്ത ജോലികൾ

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും അഗ്നിസുരക്ഷ ആവശ്യകതകൾ, ഘടനാസ്ഥിരത, കെട്ടിടത്തിന്റെ പൊതു ആവശ്യകതകൾ എന്നിവയെ സംബന്ധിച്ചുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കാത്ത താഴെ പറയുന്ന നിർമ്മാണങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്തതാകുന്നു. അതായത് :-

1. ജനാലകളോ കതകുകളോ, വെന്റിലേറ്ററുകളോ സ്ഥാപിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നത്.
2. പരസ്പര സമ്പർക്ക വാതിലുകൾ സ്ഥാപിക്കുന്നത്.
3. ഭാരം താങ്ങി നിൽക്കുന്നതായ ചുമരുകൾ ഒഴികെയുള്ള ഇടഭിത്തികളുടെ നിർമ്മാണമോ അല്ലെങ്കിൽ നീക്കം ചെയ്യലോ
4. ഏതെങ്കിലും സ്ഥിരമായ നിർമ്മാണങ്ങളൊഴിച്ചു കൊണ്ടുള്ള ഉദ്യാനം സ്ഥാപിക്കുന്നത്
5. വെള്ളനിറമോ അല്ലെങ്കിൽ വർണ്ണമോ പൂശുന്നത്
6. പെയിന്റ് ചെയ്യുന്നത്
7. കെട്ടിടത്തിനും പൊട്ടി പൊളിഞ്ഞ മേൽക്കൂരയ്ക്കും വേണ്ടി വരുന്ന ചില്ലറ അറ്റകുറ്റപ്പണികൾക്ക്
8. കേടുപാടുകൾ തീർക്കലും തേച്ചു പിടിപ്പിക്കലും
9. ഘടനാ വ്യതിയാനം വരുത്താതെയുള്ള ആന്തരിക അലങ്കാരങ്ങൾ ചെയ്യുന്നതിന്
10. പ്ലോട്ടിനുള്ളിൽ തന്നെ കെട്ടിടത്തിന്റെ അല്ലെങ്കിൽ നിർമ്മാണത്തിന്റെ സ്ഥാനം മാറ്റുന്നത്
11. ഒരു തെരുവിനോട് ചേർന്നുള്ളതല്ലാത്ത ചുറ്റുമതിൽ
12. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 പി. വകുപ്പിൽ പ്രതിപാദിക്കുന്ന റോഡുകളോട് അടുത്ത് സ്ഥിതിചെയ്യുന്ന കുടിലുകൾ ഒഴികെയുള്ള കുടിലുകൾ
13. നിലകൾ രണ്ട് വരെ എന്ന് പരിമിതപ്പെടുത്തിയതും പ്ലോട്ടിനുള്ളിലെ നിലവിലുള്ളതും നിർദ്ദിഷ്ടമായതും അടക്കം എല്ലാ നിലകളിലെയും ആകെ നിർമ്മിത വിസ്തീർണ്ണം 100 ച.മീറ്റർ വരെയുള്ളതും ആയ കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ ഗണം A1 പാർപ്പിട വിനിയോഗത്തിൻകീഴിലെ ഏക കുടുംബ പാർപ്പിട കെട്ടിടങ്ങൾ

കേരള സംസ്ഥാന സേവനാവകാശ നിയമം - 2012

2012-ലെ കേരള സംസ്ഥാന സേവനാവകാശനിയമം നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രദാനം ചെയ്യുന്ന സേവനങ്ങളിൽ 16 സേവനങ്ങൾ 2012-ലെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം പഞ്ചായത്ത് ഡയറക്ടർ 26.04.2013-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സേവനാവകാശ നിയമം ബാധകമാക്കിയ സേവനങ്ങളുടെ പട്ടിക

1. ജനന രജിസ്ട്രേഷൻ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട് / 1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
2. ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്/1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
3. മരണ രജിസ്ട്രേഷൻ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ)
4. ജനനം / മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969-ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്)
5. ജനന / മരണ സർട്ടിഫിക്കറ്റ്
6. ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ
7. വിദേശത്ത് നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമം / ചട്ടങ്ങൾക്ക് വിധേയമായി)
8. വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു വിവാഹ ആക്ട് / 1957-ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)
9. വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955-ലെ ഹിന്ദു വിവാഹ ആക്ട് / 1957-ലെ കേരള ഹിന്ദു വിവാഹം രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ)
10. വിവാഹ സർട്ടിഫിക്കറ്റ് (1955-ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ)
11. വിവാഹ രജിസ്ട്രേഷൻ (2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിന് ശേഷമുള്ള വിവാഹ രജിസ്ട്രേഷൻ)
12. കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ
13. കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
14. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
15. ഫാക്ടറികൾ, വ്യവസായ സ്ഥാനപങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ്
16. വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ്

ഈ പട്ടികയിലെ സേവനങ്ങൾ പ്രദാനം ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഒന്നാം അപ്പീൽ അധികാരി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും രണ്ടാം അപ്പീൽ അധികാരി പഞ്ചായത്ത് ഡയറക്ടറുമാണ്.

സേവനം ലഭ്യമാക്കുന്ന നിശ്ചിത സമയപരിധി, അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ എന്നിവ ഈ പൗരാവകാശ രേഖയിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണം നടത്താവുന്ന ഭൂമി / അനുമതി ആവശ്യമായ ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ പ്രാബല്യത്തിലുള്ള നിയമ സംഹിതകൾ സഹിതം

വിവരണം	നിയമങ്ങൾ/ചട്ടങ്ങൾ/ ഉത്തരവുകൾ/ സർക്കുലറുകൾ തുടങ്ങിയവ
കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് റവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ല എന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് 10 വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് റവന്യൂ, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച്, പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു.	22.01.2011 - ലെ 4545/ആർ.പി/1 നമ്പർ സർക്കുലർ (രണ്ടു ചെയ്തു)
റവന്യൂ രേഖയിൽ/ബി.ടി.ആർ - ൽ നിലം, നെൽവയൽ, wet land എന്ന് രേഖപ്പെടുത്തുകയും എന്നാൽ 12.08.2008 ന് മുമ്പ് നികത്തുകയോ/ നികത്തപ്പെടുകയോ ചെയ്തിട്ടും ഡാറ്റാ ബാങ്കിലോ കരട് ഡാറ്റാ ബാങ്കിലോ ഉൾപ്പെടാതിരിക്കുകയും ചെയ്ത ഭൂമിയിൽ നിർമ്മാണാനുമതി 'ഒക്യുപൻസി/ പെർമിറ്റ്/എൻ.ഒ.സി. നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, അഗ്രികൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.08.2008 ന് മുമ്പ് നികത്തപ്പെട്ടതാണ് എന്ന് ഉറപ്പു വരുത്തി ശിപാർശ ചെയ്യുവരുന്നതാണ്.	22.12.2010 - ലെ 39733/ആർ.പി/1 നമ്പർ സർക്കുലർ തദ്ദേശ സ്വയം ഭരണ വകുപ്പ് - നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തല്ലാവശ്യത്തിന് കര/ വയൽ തരംമാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നത് - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്
ഇതരം സ്ഥലങ്ങളിൽ അല്ലെങ്കിൽ ഇതേ സ്വഭാവത്തോട് കൂടിയ ഇതേ സർവ്വേ നമ്പർ ഉള്ള സ്ഥലത്ത് മുമ്പ് നിയമാനുസൃത കെട്ടിട നമ്പറോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്ന സ്ഥലത്ത് പുതിയ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാവുന്നതാണ്.	
മുമ്പ് നിയമാനുസൃത നമ്പറോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നതും പിന്നീട് പൊളിച്ചു കളയുകയും ചെയ്ത ഇതരം സ്വഭാവത്തോട് കൂടിയ സ്ഥലത്ത് വീണ്ടും കെട്ടിട നിർമ്മാണാനുമതി നൽകാവുന്നതാണ്.	
മുമ്പ് സ്വഭാവത്തോട് കൂടിയ സ്ഥലത്ത് നിലവിൽ നിയമാനുസൃത നമ്പറോട് കൂടിയ ഒരു കെട്ടിടം/കെട്ടിടങ്ങൾ/വീട് ഉണ്ടെങ്കിൽ അവയുടെ നവീകരണം നടത്തുന്നതിനോ അനുബന്ധ കൂട്ടിച്ചേർക്കൽ നടത്തുന്നതിനോ അനുമതി നൽകാവുന്നതാണ്.	
മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ രണ്ട് മാസത്തിനകം തീർപ്പാക്കേണ്ടതാണ്.	

[illegible] നവസ്തു മേഖലയിൽ / ബഫർസോൺ – ൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം, ഹെറിറ്റേജ് എന്നിങ്ങനെയുള്ള തരംമാറ്റ പരിധികളായി രേഖപ്പെടുത്തിയിട്ടുള്ളതും അതേസമയം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നികത്തിയതോ നികത്തപ്പെടുന്നതോ ആയതും അതുകൊണ്ട് മാത്രം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം കേരള സർക്കാർ സ്ഥാപിക്കുന്നതിനായി ഡാറ്റാ ബാങ്കിൽ / കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ വീട് വെയ്ക്കാൻ അനുമതി നൽകുന്നതിനും, കമ്മ്യൂൺസി/കെട്ടിട നമ്പർ/പെർമിറ്റ്/എൻ.ഒ.സി. എന്നിവ നൽകുന്നതിനും സർക്കാർ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ നേരിട്ട് അധികാരപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.	ന. 12.2012 - ലെ 1858332/ആർ.എ1/2012 -ാം നമ്പർ സർക്കുലർ പ്രകാരം തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമിയുടെ കരട് ഡാറ്റാ ബാങ്കിൽ നെൽവയൽ തണ്ണീർത്തടമായി ഉൾപ്പെടുത്തിയിട്ടുള്ള വസ്തുവിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് - സംശയനിവാരണം നൽകുന്നത് സംബന്ധിച്ച്
നവസ്തു മേഖലയിൽ / ബഫർസോൺ – ൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം, ഹെറിറ്റേജ് എന്നിങ്ങനെയുള്ള തരംമാറ്റ പരിധികളായി രേഖപ്പെടുത്തിയിട്ടുള്ളതും 12.08.2008 -ന് മുമ്പ് നികത്തിയതോ നികത്തപ്പെട്ടതോ ആയതും അക്കാരണംകൊണ്ട് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം കേരള സർക്കാർ സ്ഥാപിക്കുന്നതിനായി ഡാറ്റാ ബാങ്കിൽ / കരട് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ നഗര പ്രദേശങ്ങളിൽ 5 സെന്റിലും നഗരേതര പ്രദേശങ്ങളിൽ 10 സെന്റിലും വരെയുള്ള ഭൂമിയിൽ വീട് വെയ്ക്കുന്നതിന് നിർമ്മാണാനുമതി/ കമ്മ്യൂൺസി/ പെർമിറ്റ്/എൻ.ഒ.സി. എന്നിവ നൽകേണ്ടതാണ്. ഈ ഭൂപരിധിയ്ക്കകത്ത് ഇതിനകം വീട് നിർമ്മിച്ച് കഴിഞ്ഞ് കമ്മ്യൂൺസി/നമ്പർ എന്നിവർക്ക് അപേക്ഷിച്ചിട്ടുള്ളവർക്ക് സ്വന്തം താമസത്തിന് ഉചിതമായിരിക്കുന്ന വീടുകൾക്കും കമ്മ്യൂൺസി/നമ്പർ നൽകേണ്ടതാണ്. ഇതിന് പുറമേ ലൈഫ് മിഷൻ പദ്ധതിക്കു വേണ്ടി നീക്കിവെക്കുന്ന കെട്ടിട സമുച്ചയങ്ങൾക്ക് മുൻഗണന കണക്കാക്കാതെ നിർമ്മാണാനുമതി നൽകേണ്ടതാണ്.	
ലൈഫ് മിഷൻ പദ്ധതിക്കായി സർക്കാരിലേക്ക് നിരുപാധികം വിട്ട് നൽകുന്ന ഭൂമിക്ക് (Relinquish ചെയ്ത ഭൂമിക്ക്) മുൻഗണന കണക്കാക്കാതെ നിർമ്മാണാനുമതി നൽകേണ്ടതാണ്.	
ഇതിനകം സർവ്വേകളിൽ ക്രമീകരിക്കപ്പെട്ടുള്ള കെട്ടിട നമ്പരോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്ന സർവ്വേ പുതിയ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകാവുന്നതാണ്.	
മുമ്പ് നിയമാനുസൃത നമ്പരോട് കൂടിയ കെട്ടിടങ്ങൾ ഉണ്ടായിരുന്നതും പിന്നീട് പൊളിച്ചു കളയുകയും ചെയ്ത ഇതര സർവ്വേകളിൽ ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് പൊതുപ്പെട്ടതിന് ശേഷം നിർമ്മാണാനുമതി നൽകേണ്ടതാണ്.	
മേൽ സന്ദർഭത്തോട് കൂടിയ സർവ്വേയിൽ നിലവിൽ നിയമാനുസൃത നമ്പരോട് കൂടിയ കെട്ടിടം/കെട്ടിടങ്ങൾ/വീട് ഉണ്ടെങ്കിൽ അവയുടെ അവികരണം നടത്തുന്നതിനോ അനുബന്ധ കൂട്ടിച്ചേർക്കൽ നടത്തുന്നതിനോ അനുമതി നൽകേണ്ടതാണ്.	
ഇപ്പോൾ കെട്ടിടങ്ങളുടെ അപേക്ഷകൾ മേൽപ്പറഞ്ഞ രീതിയിൽ ഒരു മാസത്തിനകം തീർപ്പാക്കേണ്ടതാണ്. പുതുതായി ലഭിക്കുന്ന അപേക്ഷകളും ആയത് ലഭിച്ചാൽ ഒരു മാസത്തിനകം നിർബന്ധമായും തീർപ്പാക്കേണ്ടതാണ്.	
മറ്റ് ഗാർഹിക, വാണിജ്യ കെട്ടിട നിർമ്മാണങ്ങൾക്കുള്ള അപേക്ഷകളിൽ 22.12.2016 - ലെ 994733/ആർഎ1/2016/തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നടപടി സ്വീകരിച്ച് നിർമ്മാണാനുമതി / കമ്മ്യൂൺസി / പെർമിറ്റ് / എൻ.ഒ.സി. എന്നിവ നൽകേണ്ടതാണ്.	
അതിന സ്വയംഭരണ വകുപ്പ് - അനുമതി ഇല്ലാതെ വീട് നിർമ്മാണം ആരംഭിക്കുകയും വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നതുമായ വീടുകൾക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച കെ.പി.ബി.ആർ. പട്ടണം പാലിച്ചുകൊണ്ട് ക്രമവൽക്കരിച്ച് നൽകണം.	തദ്ദേശ സ്വയം ഭരണ വകുപ്പ് 96/ആർഎ1/2017 നമ്പർ സർക്കുലർ

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018-ലെ വകുപ്പ് 27-എയിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വകുപ്പിലെ ഉപവകുപ്പ് (6)-ൽ വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച.മീ. വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിന് ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല എന്നും വീട് എന്ന അർത്ഥ വ്യാപ്തിയിൽ പാർപ്പിട സമുച്ചയങ്ങളോ ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലൈഫ്മിഷൻ പദ്ധതി പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനാണെങ്കിൽ (അല്ലെങ്കിൽ അതിൽ കുറവ്) പ്രസ്തുത അപേക്ഷ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്ന പക്ഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018-ലെ വകുപ്പ് 27(എ)(5), (6), (7) എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ആക്ട് പ്രകാരമുള്ള മറ്റൊരു അനുമതിയും ആവശ്യമില്ലാതെ നിർമ്മാണാനുമതി നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടിമാർക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നപക്ഷം അവ മുൻഗണനാടിസ്ഥാനത്തിൽ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്.	31-01-2019-ലെ ആർ.എ/1/24/2019 നമ്പർ സർക്കുലർ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നത് സംബന്ധിച്ച്

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്

പ്രാദേശികതല നിരീക്ഷണ സമിതി (Local Level Monitoring Committee) (വകുപ്പ് 5)

ഘടന

ചെയർമാൻ - പഞ്ചായത്ത് പ്രസിഡന്റ്

കൺവീനർ - കൃഷി ഓഫീസർ

അംഗങ്ങൾ - 1. കൃഷി ആഫീസർ/ഓഫീസർമാർ
2. വില്ലേജ് ഓഫീസർ/ഓഫീസർമാർ
3. പ്രദേശത്തെ നെൽകൃഷിക്കാരുടെ 3 പ്രതിനിധികൾ

അധികാരങ്ങൾ

- ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നെൽവയലിലെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി നിയമാനുസൃതമായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശുപാർശ നൽകുക.
- നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിൽ കൂടുതലും ശുപാർശ നൽകുവാൻ പാടുള്ളതല്ല (2018-ലെ 29-ാം നമ്പർ ആക്ട് പ്രകാരം ചേർത്തത്) 2008-ലെ ചട്ടങ്ങളിലെ ചട്ടം 5(2) കൂടി കാണുക.

ജില്ലാതലഅതൃത്തി സമിതി (വകുപ്പ് 9)

(നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിന് വീട് വയ്ക്കുന്നതിനുവേണ്ടി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും യുക്തമായ തീരുമാനം കൈകൊള്ളുന്നതിനും വേണ്ടി ജില്ലാ കളക്ടർ രൂപീകരിക്കുന്ന സമിതി)

- വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിൽ കൂടുതലും മുനിസിപ്പാലിറ്റി കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിലും കൂടുതലുമുള്ള നെൽവയൽ നികത്തുന്നതിന് ജില്ലാതല അധികൃത സമിതി അനുവാദം നൽകുവാൻ പാടുള്ളതല്ല.
- ഘടന

ചെയർമാൻ	-	ആർ.ഡി.ഒ.
കൺവീനർ	-	പ്രിൻസിപ്പൽ കൃഷി ഓഫീസർ
അംഗങ്ങൾ	-	ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 3 നെൽകർഷകർ

2018-ലെ 29-ാം ആക്ട് പ്രകാരം കൂട്ടിച്ചേർത്ത അധികവ്യവസ്ഥകൾ (27 എ മുതൽ 27 ഡി വരെ)	
27 എ	**വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം**
27 എ(1)	വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥൻ, വീട് വയ്ക്കുന്നതിനോ വാണിജ്യാവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഭൂമി ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം ആർ.ഡി.ഒ-ക്കോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്. (2008 ലെ ചട്ടങ്ങളിലെ ചട്ടം 1 കൂടി കാണുക)
27 എ(5)	വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതോ പരിവർത്തനപ്പെടുത്താൻ ശ്രമിക്കുന്നതോ ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ശ്രമിക്കുന്നതോ നെൽകൃഷിക്ക് വേണ്ടിയാണെങ്കിൽ ഈ വകുപ്പ് പ്രകാരം യാതൊരു അനുമതിയുംആവശ്യമില്ല.
27 എ(6)	• 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 1934-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും ഈ വകുപ്പ് പ്രകാരം യാതൊരു അനുമതിയും ആവശ്യമില്ലാത്തതാകുന്നു. • വീട് എന്നതിൽ പാർപ്പിട സമുച്ചയമോ സമുച്ചയങ്ങളോ ഫ്ളാറ്റോ ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല. • ഈ ഒഴിവാക്കൽ ഒരിക്കൽ മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ
27 എ(7)	27 എ(6) പ്രകാരമുള്ള ഒഴിവാക്കൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥർക്ക് മാത്രം ബാധകമായിരിക്കുന്നതാണ്. ഒഴിവാക്കൽ അനുവദിച്ച താമസാവശ്യത്തിനുള്ള കെട്ടിടത്തിന്റെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെയും വിസ്തീർണ്ണം, പിന്നീട് വർദ്ധിപ്പിക്കുന്ന പക്ഷം വകുപ്പ് എ(6) പ്രകാരമുള്ള ഒഴിവാക്കലിന് പ്രാബല്യമില്ലാതായിത്തീരുന്നതാണ്. പുതിയ നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെട്ട തീയതിയിൽ, ഭൂവുടമ 27 എ(3)-ാം വകുപ്പ് പ്രകാരമുള്ള ഫീസ് നൽകുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, 2008	
നെൽവയൽ നികത്തുന്നതിനുള്ള അപേക്ഷ (ചട്ടം 5)	
5 (1)	• ആക്ടിലെ വകുപ്പ് 9(1) പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിനായി വീട് വയ്ക്കുന്നതിന് ഫോറം-1ൽ പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. • ആക്ടിലെ വകുപ്പ് 10 പ്രകാരം പൊതു ആവശ്യത്തിനായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ, ഫോറം-2ൽ പ്രാദേശികതല നിരീക്ഷണസമിതിയുടെ കൺവീനർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. • അപേക്ഷകളിൽ 10 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചിരിക്കേണ്ടതാണ്.
5 (2)	• സമിതി മുമ്പാകെ സമർപ്പിക്കുന്ന ഓരോ അപേക്ഷയും മുൻഗണനാ ക്രമമനുസരിച്ച് പരിഗണിക്കേണ്ടതാണ്. • വീട് വയ്ക്കുന്നതിനുള്ള അപേക്ഷയുടെ കാര്യത്തിൽ വകുപ്പ് 9(8) ൽപറയുന്ന കാര്യങ്ങളെ സബന്ധിച്ച് കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും അന്വേഷണ റിപ്പോർട്ട് വാങ്ങുകയും അവ പരിഗണിച്ചുകൊണ്ടും ആവശ്യമായ മറ്റ് അന്വേഷണത്തിന് ശേഷവും സമിതി, പ്രസ്തുത അപേക്ഷ സംബന്ധിച്ച തങ്ങളുടെ ശുപാർശ സഹിതം പരമാവധി 60 ദിവസത്തിനകം ജില്ലാതല അധികൃത സമിതിക്ക് അയക്കേണ്ടതാണ്. • ലഭ്യമാകുന്ന ശുപാർശകളിന്മേൽ ജില്ലാതല അധികൃത സമിതി 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതാണ്.

സർക്കുലർ: 406/ആർ.എ.1/2018 തീയതി : 13.08.2018

2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിന്റെ പ്രാബല്യ തീയതിക്കു മുമ്പ് (30.12.2017 ന് മുമ്പ്) പെർമിറ്റ് നൽകിയ നിർമ്മിതികൾ-സ്പഷ്ടീകരണം

- 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിന്റെ പ്രാബല്യ തീയതിക്കു മുമ്പ് (30.12.2017 ന് മുമ്പ്) കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിലെ വ്യവസ്ഥകൾ ബാധകമല്ല.

- പെർമിറ്റ് നൽകുമ്പോൾ നിലവിലുണ്ടായിരുന്ന നിയമങ്ങളാണ് ടി കെട്ടിടങ്ങൾക്ക് ഒക്യൂപ്പൻസി/ കെട്ടിട നമ്പർ നൽകുന്ന അവസരത്തിൽ ബാധകമായിട്ടുള്ളത്.

റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്ന വിധം

1 ഉടമസ്ഥർ രേഖാമൂലം സമ്മതം അറിയിക്കണം

2 ലാന്റ് റിലിങ്കിഷ്മെന്റ് ഫോറം (2 സെന്റ്) സ്ഥലമുടമ ഒപ്പിട്ട് നൽകണം. ഒപ്പ് വില്ലേജാഫീസർ സാക്ഷ്യപ്പെടുത്തണം.

3 റോഡ് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചാൽ, റീലിങ്കിഷ്മെന്റ് ഫാറങ്ങൾ ഗ്രാമ പഞ്ചായത്ത് ആർ.ഡ്.ഒ. -ക്ക് അയക്കണം.

4 ആർ.ഡി.ഒ. ജില്ലാ ഗവ: പ്ലീഡറുടെ നിയമോപദേശത്തിന് ശേഷം താലൂക്ക് സർവ്വെയർക്ക് കൈമാറും.

5 താലൂക്ക് വില്ലേജ് റവന്യൂ രേഖകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയ ശേഷം ഫയൽ വീണ്ടും ആർ.ഡി.ഒ-ക്ക് ലഭിച്ചാൽ ആർഡി.ഒ. ഗ്രാമപഞ്ചായത്തിന് രേഖാമൂലം കണ്കറൻസ് നൽകും.

6 അതിനുശേഷം ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് റോഡ് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും ചേർക്കുക.

ഗ്രാമപഞ്ചായത്തുകൾ ഇന്റലിജന്റ് ഇ ഗവേർണൻസ് സംവിധാനത്തിലേക്ക്

കേരളത്തിലെ അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും രജതജൂബിലി പിന്നിടുകയാണ്. തദ്ദേശീയ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കലും, തദ്ദേശീയ ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തലും ജനകീയാസൂത്രണത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ആയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൗരസേവന സംവിധാനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ളത് നടപടിക്രമങ്ങളിലും തീരുമാനമെടുക്കലിലുമുള്ള സുതാര്യതയും സമയക്ലിപ്തതയുമാണ്. അതോടൊപ്പം ഭരണസംവിധാനത്തിന് ചടുലതയും പ്രതികരണാത്മകതയും കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു ഭരണപരിവർത്തന ഉദ്യമത്തിന്റെ പുതിയ രൂപമാണ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ ഏത് പൗരകേന്ദ്രീകൃത സ്ഥാപന സംവിധാനത്തിനും ഉപയുക്തമായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേൺൻസ് മാനേജമെന്റ് സിസ്റ്റം.നിലവിലെ ഭരണ നടപടികൾ അതേപടി ഇലക്ട്രോണിക്സ് സംവിധാനത്തിൽ പകർത്തുന്ന ആദ്യകാല രീതിക്ക് പകരം ഇന്റലിജന്റായി ചിന്തിക്കുകയും സമ്പ്രദായ നവീകരണത്തിന്റെ ശാസ്ത്രീയതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസന സമീപനമാണ് ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്വെയറിൽ സ്വീകരിച്ചിട്ടുള്ളത്. ജനാധിപത്യ സംവിധാനവും അതിന്റെ മെഷീനറിയായ ഉദ്യോഗസ്ഥ സംവിധാനവും പരസ്പരം കൂട്ടിയിണക്കികൊണ്ട് ഒരു സംഘം കർമ്മോത്സുകരായ പഞ്ചായത്ത് വകുപ്പ് ജീവനക്കാർ രൂപപ്പെടുത്തിയ ആശയമാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേൺൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ അടിസ്ഥാനം. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം പൂർത്തിയാക്കിയ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്വെയർ സർക്കാരിന്റെ 100 ദിനകർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിക്കുന്നു.

പ്രധാന സവിശേഷതകൾ

- ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള വെബ് അധിഷ്ഠിത ഏകജാലക സംവിധാനം
- എല്ലാ സേവനങ്ങളും ഒറ്റകുടകീഴിൽ 24:7
- സർക്കാരിന്റെ ഐ.ടി.പോളിസിക്ക് അനുസൃതമായി ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു.
- പേപ്പർ രഹിതവും പ്രകൃതി സഹൃദവുമായ ഭരണസംവിധാനം
- പൗരാവകാശ നിയമപ്രകാരവും സേവനാവകാശ നിയമപ്രകാരവും അംഗീകരിക്കപ്പെട്ട സേവന നിലവാരം ഉറപ്പുവരുത്തുന്നു.
- അപേക്ഷകൾ ഓൺലൈൻ ആയോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അയയ്ക്കാം
- എല്ലാവിധ സേവനങ്ങളും സർട്ടിഫിക്കറ്റുകളും ഓൺലൈൻ ആയും അക്ഷയ സെന്ററുകൾ മുഖേനയും ലഭിക്കാവാനുള്ള സംവിധാനം.
- അപേക്ഷകളോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ ലിസ്റ്റ് സോഫ്റ്റ്വെയർ ലഭ്യമാക്കും
- ഫ്രണ്ട് ഓഫീസ് വഴി നൽകുന്ന അപൂർണ്ണമായ അപേക്ഷകൾക്ക് അപാകം സംബന്ധിച്ച അറിയിപ്പ് തത്സമയം ലഭ്യമാക്കുന്നു.
- പൂർണ്ണമായ വിവരങ്ങളോടുകൂടിയ അപേക്ഷകൾക്ക് സിറ്റിസൺ ചാർട്ടർ അടിസ്ഥാനമാക്കി സേവന വിതരണ തീയതി ഉൾപ്പെടുത്തിയിട്ടുള്ള കൈപ്പറ്റ് രസീത്
- അപേക്ഷകൾ കൈകാര്യം ചെയ്യുന്നതും സേവനം നൽകുന്നതും മുൻഗണനാക്രമം അനുസരിച്ചുമാത്രം
- ഓരോ സീറ്റിലും ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള പരമാവധി സമയം സോഫ്റ്റ്വെയറിൽ മുൻകൂടി നിശ്ചയിച്ചിരിക്കുന്നു.
- ഫയലുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഒരു സ്ക്രീനിൽ ലഭ്യമാക്കുന്നു
- ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് മുൻകൂട്ടി നിശ്ചയിച്ചവർക്ക് ഫ്ളോ സംവിധാനം
- ഫയൽ കൈകാര്യം ചെയ്യുന്നതിന് മുൻകൂട്ടി നിശ്ചയിച്ച സമയം അധികരിച്ചാൽ മേലധികാരികൾക്ക് അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം
- അപേക്ഷയുടെ നിലവിലെ സ്ഥിതി ഓൺലൈനായി അറിയുന്നതിനുള്ള സംവിധാനം
- ഓഫീസുകൾ തമ്മിൽ ഫയലുകൾ തത്സമയം അയയ്ക്കുന്നതിനുള്ള സംവിധാനം
- വിപുലമായ ഡാഷ് ബോർഡ് സംവിധാനം.

വാതിൽപ്പടി സേവനം

സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ട കാലയളവിലേക്കല്ലാതെ, തുടർച്ചയായി പൊതുപ്രവർത്തനം നടത്തുവാൻ തത്പരരായ ഒരു വിഭാഗത്തെ രൂപീകരിച്ചുകൊണ്ട് അർഹരായവരുടെ പടിവാതിൽക്കൽ തന്നെ സർക്കാർ സേവനങ്ങൾ എത്തിക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് വാതിൽപ്പടി സേവനം. സർക്കാറിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ ഓഫീസുകളിലേക്ക് നേരിട്ട് എത്തേണ്ടതില്ലാത്ത രീതിയിൽ ഒരു സംവിധാനം ക്രമീകരിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആശ പ്രവർത്തകർ, സന്നദ്ധസേന വോളണ്ടിയർമാരുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ അർഹരാവയരുടെ വീട്ടുപടിക്കൽ എത്തിക്കുന്ന പദ്ധതിയാണ് വാതിൽപ്പടി സേവനം.

ഗുണഭോക്താക്കൾ

- 60 വയസ്സിന് മുകളിലുള്ളവർ
- ഭിന്നശേഷിക്കാർ
- കിടപ്പുരോഗികൾ
- ചലന പരിമിതി അനുഭവിക്കുന്നവർ

ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സേവനങ്ങൾ

- ലൈഫ് സർട്ടിഫിക്കറ്റ്
- മസ്റ്ററിംങ്
- സാമൂഹ്യ സുരക്ഷ പെൻഷൻ
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ
- ജീവൻരക്ഷാ മരുന്നുകൾ
- നോഡൽ വകുപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പാണ് വാതിൽപ്പടി സേവനപദ്ധതി നടപ്പാക്കുന്നത്.

മറ്റ് വകുപ്പുകൾ

- ആരോഗ്യ വകുപ്പ്
- സാമൂഹ്യനീതി വകുപ്പ്
- സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്

പദ്ധതി നിർവ്വഹണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും, ആശാ പ്രവർത്തകരും, അവരെ സഹായിക്കുന്ന സന്നദ്ധസേനാംഗങ്ങൾ വഴി ഗുണഭോക്താവിന് ആവശ്യമായ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുമെന്ന് ഉറപ്പുവരുത്തും.

ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ അഴീക്കോട്, പട്ടാമ്പി, ചങ്ങനാശേരി, കാട്ടാക്കട എന്നീ നാല് നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടക്കുന്ന ചില തദ്ദേശസ്വയംഭരണ സ്ഥാപങ്ങളും തെരഞ്ഞെടുത്തിട്ടുണ്ട്. മൊത്തം അൻപത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടം നടപ്പിലാക്കുന്നത്. മൂന്ന് മാസക്കാലത്തെ പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ച്, വാതിൽപ്പടി സേവനം സംസ്ഥാന തലത്തിൽ ഈ വർഷം തന്നെ സർക്കാർ നടപ്പിലാക്കും.

ശുചിത്വ കേരളം സുന്ദരകേരളം

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക
ഓടകളും വീഥികളും മലിനപ്പെടാതെ സൂക്ഷിക്കുക
മാലിന്യങ്ങൾ പൊതുനിരത്തിലേക്ക് വലിച്ചെറിയാതിരിക്കുക
പരിസരം സംരക്ഷിക്കുക. പരിസ്ഥിതിയെ സംരക്ഷിക്കുക

കട്ടികുറഞ്ഞ പ്ലാസ്റ്റിക് വർജ്ജിക്കുക
പരിസര ശുചിത്വം ഉറപ്പുവരുത്തുക
മാലിന്യമുക്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ
ഒത്തൊരുമയോടെ പ്രവർത്തിക്കുക

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം



കേരള സർക്കാർ

ലൈഫ് മിഷൻ

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി



Kerala
Life Mission


ഹരിത ശൃംഖല
വീടുകൾ, സ്ഥാപനങ്ങൾ
↓
പ്രാഥമിക തരംതിരിക്കൽ
↓
തരംതിരിച്ച വൃത്തിയുള്ള
പാഴ്വസ്തുക്കൾ
↓
ഹരിതകർമ്മ സേന
↓
ശേഖരണം
↓
മിനി എം.സി.എഫ്.
↓
എം.സി.എഫ്.
↓
ആർ.ആർ.എഫ്.
↓
പുനഃചംക്രമണം
↓
പുനരുപയോഗം

ഒന്നു ചിന്തിക്കൂ
ദൈവത്തിന്റെ സ്വന്തം നാട്ടിൽ



മാലിന്യങ്ങൾ ഇങ്ങനെ
കത്തിക്കുകയാണെങ്കിൽ



മാലിന്യങ്ങൾ ഇങ്ങനെ
വലിച്ചെറിയുകയാണെങ്കിൽ



ജലസ്രോതസുകൾ വൃത്തിയായി
പരിപാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ

നാം നേടിയ വിദ്യാഭ്യാസം
കൊണ്ട് എന്ത് പ്രയോജനം

പാഴ്വസ്തുക്കൾ വൃത്തിയാക്കി തരംതിരിച്ച്
ഹരിതകർമസേനക്ക് കൈമാറുക

SUCHITWA MISSION
LOCAL SELF GOVERNMENT DEPARTMENT KERALA

Swaraj Bhavan, Base Floor (-1),
Nanthencode, Kowdiar PO,
Thiruvananthapuram - 695 003
Phone : 0471-2319831, 0471-2316730
Email : sanitation.sm@kerala.gov.in
website : www.sanitation.kerala.gov.in